**Gazette Date : 31.12.2024**

**Last Date : 29.01.2025**

**CATEGORY NO: 729/2024**
**(DIRECT RECRUITMENT)**

Applications are invited online only from qualified candidates for appointment in the under mentioned post in Kerala Government Service. Before applying for the post candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their Profile.

| | | | |
|---|---|---|---|
| **1.** | **Department/Name of Institution** | : | Medical Education Service |
| **2.** | **Name of Post** | : | Artist Photographer |
| **3.** | **Scale of pay** | : | ₹ 35600- 75400 |
| **4.** | **Number of vacancies** | : | Anticipated vacancies<br>**Note:** Due to the non availability of Deaf or Hard Hearing DA candidates as per Section 34(2) of The Rights of Persons with Disabilities Act 2016 in the previous rank list of this post, 1 vacancy is reserved for the above said DA category. The same will be filled from above said category from the ranked list of this notification. In the absence of above said DA category in the rank list as per this notification, the same will be advised from other eligible DA categories as per Section 34(2) of above said Act. In the absence of DA candidates, it will be advised from General Category. |

The Ranked list of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised against the vacancies reported to the Commission in writing during the period of the currency of the list.

| | | | |
|---|---|---|---|
| **5.** | **Method of appointment** | : | Direct Recruitment |
| **6.** | **Age limit** | : | **19-41**. Only candidates born between 02.01.1983 and 01.01.2005 (both dates included) are eligible to apply for this post with usual relaxation to Scheduled Castes, Scheduled Tribes and Other Backward Communities (For other conditions regarding the age relaxation please see part 2 of the General Conditions). |

**Note:**

As per G.O.(P).No.05/2023/SJD Dated 01.10.2023, 4% of the vacancies are reserved for Differently Abled candidates. **Differently Abled candidates with Blindness/Low vision are not earmarked for appointment to the 4% vacancy for the post as per above mentioned Government Order and hence they are not eligible to apply for this post**. As per the above Government order, differently abled candidates identified for 4% reservation for the post with benchmark disability,should produce Disability Certificate,

Physical & Functionality Certificate as stipulated in the said Government Order before the Kerala Public Service Commission as and when called for. . (**Please click the link)**

(LINK: Present Order for Rights of Persons with Disabilities Act, 2016 Section 34 )

**7. Qualifications :-**

1. Pass in S.S.L.C
2. Diploma in Drawing and painting and proficiency in Photography.

**Note:**

1.Proficiency of the candidates in Photography will be assessed by a practical test conducted by the Public Service Commission at the time of selection.

2.In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

*3. KS & SSR Part II Rule 10(a) (ii) is applicable.*

***8. Mode of submitting applications :-***

1. Candidates should send their application through the official website of the Kerala Public Service Commission **www.keralapsc.gov.in** after One Time Registration. Candidates already registered should apply after logging in their own profile using their User ID and Password. Candidates must click on the **'Apply Now'** button of the respective post in the Notification Link to apply for the post. No application fee is required.

2. Candidates have to apply as per the conditions in this notification, General Conditions and as per the instructions given in the official website of Kerala Public Service Commission www.keralapsc.gov.in. The applications submitted not in accordance with the notification will be summarily rejected at any stage of selection. No further chances will be given to the candidates to cure the defects in the application.

3. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link '**My applications**' in their profile. All correspondences with the commission, regarding the application should be accompanied with the print out of the application.

4. Candidates who have Aadhaar card, add Aadhaar Number in the concerned link in their profile.

5. Name of candidate and date of photo taken printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. Candidates creating

new profile shall upload photograph taken within six months. There is no change in the other instructions regarding the uploading of photographs.

6. Original documents to prove qualification, experience, age, community etc. have to be produced as and when called for.

**Note :** If written/ OMR/ Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and registered mobile number.

**9. Special Instructions to candidates :**

**(A)** In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of certificate verification.

**(B)** Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

**(C)** Appropriate disciplinary action as per Rule 22 of the Kerala Public Service Commission, Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written or practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**10. Last date for receipt of applications: 29.01.2025 Wednesday up to 12.00 midnight.**

**11. Website Address : 'www.keralapsc.gov.in'**

**SAJU GEORGE**
**SECRETARY**
***KERALA PUBLIC SERVICE COMMISSION***

## കാറ്റഗറി നമ്പർ : 729/2024

## (നേരിട്ടുള്ള നിയമനം)

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഓൺ ലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്**
2. **ഉദ്യോഗപേര്** : **ആർട്ടിസ്റ്റ് ഫോട്ടോഗ്രാഫർ**
3. **ശമ്പളം** : **₹ 35,600– 75,400**
4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

   **കുറിപ്പ് :-** ഈ തസ്തികയിലേക്കുള്ള ഒരു ഒഴിവ് ഇതേ തസ്തികയുടെ മുൻറാങ്ക് ലിസ്റ്റിലെ Deaf / Hard Hearing വിഭാഗത്തിലെ ഭിന്നശേഷിക്കാരായ ഉദ്യോഗാർഥിയുടെ അഭാവത്തിൽ 2016 ലെ The Rights of Persons with Disabilities Act ലെ Section 34(2) പ്രകാരം അവർക്കായി നീക്കിവച്ചിട്ടുള്ളതാണ്. ഈ വിജ്ഞാപനത്തിൽ നിന്നും മേൽപ്രകാരമുള്ള ഉദ്യോഗാർത്ഥി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ മേൽപ്പറഞ്ഞ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥി ലഭ്യമല്ലായെങ്കിൽ പ്രസ്തുത ഒഴിവ് മേൽ ആക്ടിലെ സെക്ഷൻ 34 (2) പ്രകാരം യോഗ്യരായ മറ്റ് ഭിന്നശേഷി വിഭാഗക്കാരിൽ നിന്നും നികത്തുന്നതും അവരുടെയും അഭാവത്തിൽ പൊതുവിഭാഗത്തിൽ നിന്നും നികത്തുന്നതുമാണ്.

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നുവർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം
6. **പ്രായപരിധി** : **(19–41)**.ഉദ്യോഗാർത്ഥികൾ 02.01.1983–നും 01.01.2005 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തി-ലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.
   (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**കുറിപ്പ് :**

(ബി) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ ഭിന്നശേഷിവിഭാഗം ഉദ്യോഗാർത്ഥികൾക്കായി 01.10.2023 തീയതിയിലെ G.O.(P)No. 05/2023/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു. **പ്രസ്തുത സർക്കാർ ഉത്തരവിൽ കാഴ്ചവൈകല്യമുള്ള ഭിന്നശേഷി വിഭാഗക്കാർ ടി തസ്തികയിലേയ്ക്കുള്ള 4% നിയമന സംവരണത്തിന് അനുയോജ്യരായി സർക്കാർ കണ്ടെത്തിയിട്ടില്ലാത്തതിനാൽ ടി ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ടി തസ്തികയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.** മുകളിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങളിൽപ്പെടുന്ന, മുൻപ് സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ മേൽപറഞ്ഞ സർക്കാർ ഉത്തരവിൽ നിഷ്കർച്ചിട്ടുള്ളതു പ്രകാരം Disability Certificate, Physical & Functionality Certificate എന്നിവ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. ( Please click the link)

**(Link)**

Present Order for Rights of Persons with Disabilities Act, 2016 Section 34

7. **യോഗ്യതകൾ :**
   1. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.
   2. ഡ്രോയിംഗിലും പെയിന്റിംഗിലുമുള്ള ഡിപ്ലോമയും ഫോട്ടോഗ്രഫിയിലുള്ള പ്രാവീണ്യവും.

**കുറിപ്പ് :**

1 . ഫോട്ടോഗ്രഫിയിലുള്ള ഉദ്യോഗാർത്ഥികളുടെ പ്രാവീണ്യം തെരഞ്ഞെടുപ്പ് സമയത്ത് ഒരു പ്രായോഗിക പരീക്ഷയിലൂടെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിർണ്ണയിക്കുന്നതാണ്.

2. ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദിഷ്ടയോഗ്യതകൾ അടിസ്ഥാനയോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

3. KS & SSR Part II Rule 10a(ii) ബാധകമാണ്.

8. **അപേക്ഷകൾ സമർപ്പിക്കേണ്ട രീതി**

**1.** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **Apply Now** -ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷാ ഫീസ് നൽകേണ്ടതില്ല.

**2.** കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലെ നിർദ്ദേശങ്ങൾക്കും, ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകളിലേയും വിജ്ഞാപനത്തിലേയും വ്യവസ്ഥകൾക്കും അനുസരിച്ചാണ് ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കേണ്ടത്. വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും, നിരുപാധികമായി നിരസിക്കുന്നതാണ്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് മറ്റൊരു അവസരം നൽകുന്നതല്ല.

**3.** Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷൻ മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.**

**4.** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**5. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആറുമാസത്തിനുള്ളിൽ എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല.

**6.** വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**കുറിപ്പ് :**

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ

പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**9. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

**(എ)** ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എന്നിവ എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(ബി)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(സി)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുക- യോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**10. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി 29.01.2025 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

11. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in

സാജു ജോർജ്ജ്

സെക്രട്ടറി

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**